പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 12/12/2012-ൽ |
| ചോദ്യം നമ്പർ : 81 | മറുപടിയ്ക്കു് |

**ശബരിമലയിലെ ലേലം**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ: ടി.എം. തോമസ് ഐസക് | ശ്രീ. വി.എസ്. ശിവകുമാർ, |
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും |
| ശ്രീ. രാജു എബ്രഹാം | വകുപ്പു മന്ത്രി. |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ശബരിമലയിലെ ലേലം അബ്കാരി ലേലത്തേക്കാൾ മോശമാണെന്ന കേരള ഹൈക്കോടതിയുടെ പരാമർശം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | എ) | ബഹു. ഹൈക്കോടതിയിൽ നിന്നുള്ള വിധി ന്യായങ്ങളിൽ ഇപ്രകാരം പരാമർശം നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടില്ല. ഇപ്പോഴത്തെ ലേല രീതി മാറ്റി ഇ-ടെൻഡർ -ലേക്ക് പോകണമെന്നാണ് ബഹു. ഹൈക്കോടതി പരാമർശിച്ചിട്ടുള്ളത്. |
| ബി) | കഴിഞ്ഞ നാലു വർഷത്തേക്കാളും കുറഞ്ഞ തുകയ്ക്ക് ഇത്തവണ നാളീകേരം ലേലം നടത്തി കൊടുക്കാനിടയായ സാഹചര്യമെന്ത്; കണക്കുകൾ സഹിതം വ്യക്തമാക്കുമോ; | ബി) | കഴിഞ്ഞ രണ്ട് വർഷത്തേക്കാളും കുറഞ്ഞ തുകയ്ക്ക് മാത്രമാണ് നാളീകേരം ലേലം നടന്നത്. കഴിഞ്ഞ 4 വർഷങ്ങളിലെ ലേല തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>2008 - 1,95,58,791<br>2009 - 1,77,35,501/-<br>2010 - 2,76,33,114/-<br>2011 - 3,26,51,111/-<br>2012 - 2,01,00,000/- |
| സി) | മുൻവർഷത്തേക്കാൾ പത്തു ശതമാനം കൂട്ടി മാത്രമേ ലേലം നടത്താവൂ എന്ന് ദേവസ്വം ബോർഡ് നയത്തിൽ പറഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിനു വിരുദ്ധമായി പ്രവർത്തിച്ചവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | മുൻവർഷത്തേക്കാൾ പത്തു ശതമാനം കൂട്ടി മാത്രമേ ലേലം നടത്താവൂ എന്ന് ദേവസ്വം ബോർഡ് നയത്തിൽ പറഞ്ഞിട്ടില്ല. എന്നാൽ കഴിഞ്ഞ മൂന്നു വർഷത്തെ തുകയുടെ ശരാശരിയുടെ 10% വർദ്ധന വരുത്തിയുള്ള തുക ടെൻഡറിൽ മിനിമം ക്വാട്ട് ചെയ്യേണ്ട തുകയായി നിശ്ചയിക്കാറുണ്ട്. ഈ തുകയ്ക്കുതന്നെയാണ് ലേലം വിളി ആരംഭിക്കുന്നത്. എന്നാൽ ഈ തുകയ്ക്ക് ലേലം കൊള്ളാൻ സാധിക്കാത്ത സാഹചര്യത്തിൽ കുറഞ്ഞ തുകയ്ക്ക് ലേലം വിളിക്കുവാൻ നിർബന്ധിതമാകുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ഈ കാര്യത്തിൽ നിയമ വിരുദ്ധമായ യാതൊരു നടപടികളും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ